**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# റിവ്യൂ അപ്പീൽ പരാതി നമ്പർ: RP/01/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 28-05- 2025**

| | | |
|---|---|---|
| <u>റിവ്യൂ പരാതിക്കാരൻ</u> | : | ശ്രീ. മുഹമ്മദ് ഇബ്രാഹിം<br>കൊന്നോല വീട്,<br>ഡൌൺ ഹിൽ പി.ഒ,<br>മലപ്പുറം (ജില്ല)-676519 |
| <u>റിവ്യൂ എതിർകക്ഷി</u> | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>മലപ്പുറം, മലപ്പുറം ജില്ല. |

## ഉത്തരവ്

## പുന: പരിശോധനാ ഹർജിയുടെ പശ്ചാത്തലം

ശ്രീ.മുഹമ്മദ് ഇബ്രാഹിം എന്ന പരാതിക്കാരൻ **P/012/2025** എന്ന പരാതിയിൽ വാദം കേട്ട് **21/04/2025** ഇറക്കിയിട്ടുള്ള ഓംബുഡ്സ്മാന്റെ ഉത്തരവ് പുന: പരിശോധിക്കണം എന്ന ആവശ്യവുമായാണ് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്. പരാതിക്കാരൻ ലൈസൻസിയായ **KSEBL** ന്റെ ഒരു **Prosumer** ആണ്. **Consumer No 1165558017023** ആയിട്ടുള്ള ഇദ്ദേഹം **11/09/2023** ൽ സോളാർ പ്ലാന്റ് സ്ഥാപിച്ച് ലൈസൻസിയുടെ ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തുവഴിയാണ് **Prosumer** ആയി മാറിയത്. **Prosumer** ൽ നിന്നും ലൈസൻസി **Fixed Charge** ഈടാക്കുന്ന രീതി ശരിയല്ല എന്ന വാദഗതിയിൽ **CGRF** ൽ നിന്നുള്ള ഉത്തരവിന്റെ അപ്പീലായിട്ടാണ് **P/012/2025** എന്ന പരാതി നൽകിയത്. അത് പരിശോധിച്ചതിൽ നിന്നും ബഹു.കേരള സ്റ്റേറ്റ്

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ താരിഫ് ഓർഡറിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാൽ ബഹു. **KSERC** പുതിയ ഉത്തരവ് ഇറക്കുന്നതുവരെ തൽസ്ഥിതി തുടരേണ്ടതാണ് എന്ന ഉത്തരവ് ഓംബുഡ്സ്മാൻ ഇറക്കുകയുണ്ടായി. ആ ഉത്തരവ് പുനഃ പരിശോധിക്കണം എന്നുള്ളതാണ് ഈ പരാതിയുടെ അടിസ്ഥാനം.

## പുനഃ പരിശോധനാ പരാതിയുടെ നിലനില്പ്

**Hon'ble KSERC** ഇറക്കിയിട്ടുള്ള **KSERC (CGRF & Ombudsman ) Regulation 2023** യെ ആധാരമാക്കി ഈ പരാതിയുടെ നിലനില്പ് പരിശോധിക്കേണ്ടിയിരിക്കുന്നു. **2023** ലെ **KSERC (CGRF & Ombudsman) Regulation** ലെ **Clause 46** ൽ താഴെക്കാണുന്ന കാര്യങ്ങൾ വിശദമാക്കുന്നു.

*46. **Power to Review by the Electricity Ombudsman:** –*

***(1)*** *The Electricity Ombudsman may, either on its own motion or on an application of any person aggrieved by an order, review its order on the following grounds, namely:-*

> ***(i)*** *on the discovery of a new and important matter or evidence which, after the exercise of due diligence, was not within his knowledge or could not be produced by him.*
> ***(ii)*** *mistake or error apparent on the face of the record.*

***(2)*** *An application under clause (1) shall be filed within a period of fifteen days from the date of receipt of the order: Provided that the Electricity Ombudsman may entertain an application after the expiry of the said period of fifteen days, if it is satisfied that the applicant had sufficient cause for not preferring the review within such period.*

***(3)****If on preliminary examination of the application, if the Electricity Ombudsman found that there is no sufficient ground for review, it shall reject the application after giving an opportunity of being heard to the applicant.*

***(4)*** *In cases where the Review Petition is admitted, the Electricity Ombudsman shall dispose of it within a period of 30 days from the date of admission after giving an opportunity of being heard to the parties of the application.*

ഇവിടെ ഉത്തരവിൽ പരിശോധിക്കപ്പെടാതെ പോയ പുതിയതോ പ്രധാനപ്പെട്ടതോ ആയ കാര്യങ്ങളോ തെളിവുകളോ സമർപ്പിച്ചിട്ടില്ല. റിവ്യൂ ഹർജിയിൽ പറയുന്ന കാര്യങ്ങളെല്ലാം തന്നെ മുൻപ് നൽകിയിരുന്ന പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. അതെല്ലാം പരിശോധിച്ച ശേഷമാണ് മുൻ ഉത്തരവിറക്കിയിട്ടുള്ളത് തന്നെ. പിന്നെ

പ്രസ്തുത ഉത്തരവിൽ തെറ്റോ പിശകോ സംഭവിച്ചിട്ടുണ്ടോ എന്നും പരിശോധിക്കപ്പെട്ടു. ആ ഉത്തരവിൽ പിശകുകളോ തെറ്റോ സംഭവിച്ചിട്ടില്ല. അതിനാൽ തന്നെ ഈ പരാതി നില നില്ക്കുന്നതല്ല.

വിശദമായ വാദം കേൾക്കൽ **13/05/2025** ന് രാവിലെ **11.00** മണിയ്ക്ക് സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.മുഹമ്മദ് ഇബ്രാഹിം.കെ, എതിർകക്ഷിയായ ശ്രീ. അനീഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ മലപ്പുറം എന്നിവർ ഹിയറിങ്ങിൽ പങ്കെടുത്തു.

ആ വാദത്തിലും പരാതിക്കാരന് ഈ പരാതി നില നില്ക്കത്തക്ക രീതിയിലുള്ള കാര്യങ്ങളൊന്നും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ **P/012/2025** ന് **21/04/2025** ൽ ഇറക്കിയിട്ടുള്ള ഉത്തരവ് പുനഃ പരിശോധിക്കേണ്ടതായ വസ്തുതകളൊന്നും കാണുന്നില്ല. ഇക്കാരണങ്ങളാൽ പുനഃ പരിശോധന പരാതി നിലനില്ക്കുന്നതല്ല.

## തീരുമാനം

സമർപ്പിച്ച രേഖകൾ പുനഃപരിശോധിക്കുകയും കക്ഷികളെ വിളിച്ചുവരുത്തി വീണ്ടും വാദം കേൾക്കുകയും ചെയ്ത് മുകളിൽ സൂചിപ്പിച്ച വിശകലനത്തിലൂടെ ഇനിപ്പറയുന്ന പുതിയ തീരുമാനങ്ങൾ എടുക്കുന്നു.

**1)** ഈ പുനഃപരിശോധനാ ഹർജി നില നില്ക്കുന്നതല്ലാത്തതിനാൽ പരാതി തള്ളി ഉത്തരവാകുന്നു.

**2)** മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**RP/01/2025/** തീയതി: **28/05/2025**

**അയക്കുന്നത്:**

**1.** ശ്രീ. മുഹമ്മദ് ഇബ്രാഹിം, കൊന്നോല വീട്, ഡൌൺ ഹിൽ പി.ഒ, മലപ്പുറം - **676519**
**2.** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മലപ്പുറം, മലപ്പുറം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**